നം.1178/ഇ2/2017/കെഎസ്എച്ച്ഒ

11/06/2018

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) -സംസ്ഥാന-ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ നിയമനം - സേവനകാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/05/2018 ലെ ഇതേ നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം സംസ്ഥാന-ജില്ലാ മിഷനുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും, നിയമനകരാർ ഒരു വർഷത്തേയ്ക്കു കൂടി പുതുക്കുവാൻ താൽപ്പര്യമുള്ളതുമായ ജീവനക്കാർ, ആയതിനുള്ള അപേക്ഷ പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോം സഹിതം എ.ഡി.എം.സിക്ക് 05/06/2018 നകം സമർപ്പിക്കേണ്ടതും, തുടർന്ന്, ഡി.എം.സി.മാർ പ്രസ്തുത അപേക്ഷയും പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോമും 15/06/2018 നകം സംസ്ഥാന മിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണെന്ന് അറിയിച്ചിരുന്നു. ഇപ്രകാരം പി.എ.ആർ സമർപ്പിക്കുന്ന ജീവനക്കാർ റെക്കമെന്റേഷൻ അതോറിറ്റി മുമ്പാകെ ഹാജരാകേണ്ട തീയതി പിന്നീട് അറിയിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

ആയതുപ്രകാരം പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോമം സമർപ്പിച്ച എല്ലാ ജീവനക്കാരും റെക്കമെന്റേഷൻ അതോറിറ്റി മുമ്പാകെ ഹാജരാകുന്നതിനുള്ള തീയതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | തീയതി |
|---|---|---|
| 1. | സോഷ്യൽ ഡെവലപ്പ്മെന്റ് | 18/06/2018 |
| 2. | ഓർഗനൈസേഷൻ & മൈക്രോ ഫിനാൻസ് | 18/06/2018 |
| 3. | അനിമൽ ഹസ്ബന്ററി & അഗ്രിക്കൾച്ചർ | 18/06/2018 |
| 4. | എസ്.വി.ഇ.പി | 18/06/2018 |
| 5. | ട്രൈബൽ | 19/06/2018 |
| 6. | ജെന്റർ | 19/06/2018 |
| 7. | മാർക്കറ്റിംഗ് | 19/06/2018 |
| 8. | മൈക്രോ എന്റർപ്രൈസസ് | 20/06/2018 |
| 9. | ഡി.ഡി.യു.ജി.കെ.വൈ | 20/06/2018 |

| | | |
|---|---|---|
| 10. | പി.എം.എ.വൈ | 19/06/2018 &<br>22/06/2018 |
| 11. | സ്നേഹിത | 21/06/2018 |
| 12. | എൻ.യു.എൽ.എം | 23/06/2018 |
| 13. | അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട് | 23/06/2018 |

ടി ദിവസങ്ങളിൽ കുടുംബശ്രീ വെബ്സൈറ്റ് അപ്ഡേഷന്റെ ചുമതലയുള്ള ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ (നിലവിൽ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെങ്കിൽ ഡി.എം.സി ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്) സംസ്ഥാന മിഷൻ വെബ് അപ്ഡേഷൻ ടീമുമായി ബന്ധപ്പെട്ട് പരിശീലന ക്ലാസിൽ പങ്കെടുക്കേണ്ടതും, ആയതു സംബന്ധിച്ച ലഘുലേഖ കൈപ്പറ്റേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ (എ&എഫ്)
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട്
3. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എൻ.ആർ.ഒ
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും/എം.ഐ.എസ്. ടീം

പകർപ്പ്
വെബ്സൈറ്റ്
കരുതൽ / അധികം

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ